## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. **2374** — **23.03.2012**-ലെ മറുപടിക്ക്

### ടാക്സ് മാപ്പിംഗ് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.കൃഷ്ണൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ കോർപ്പറേഷനുകളിലെ നികുതി പരിവ് സംവിധാനം കാര്യക്ഷമമാക്കുന്നതിനായി മുൻ സർക്കാർ ആവിഷ്ക്കരിച്ച ടാക്സ് മാപ്പിംഗ് പദ്ധതിയുടെ പ്രവർത്തനം എവിടെ വരെയായെന്ന് വ്യക്തമാക്കാമോ ;<br><br>ബി) പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ ? | സംസ്ഥാനത്ത് ടാക്സ് മാപ്പിംഗ് തുടങ്ങുന്നതിനായി 2007-ൽ കെ.എസ്.യു.ഡി.പി. മുഖേന എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളുടേയും ക്വിക്ക് ബോർഡ് ഉപഗ്രഹ ചിത്രം അടിസ്ഥാനമാക്കിയുള്ള ഡിജിറ്റൽ വിവര വ്യൂഹം തയ്യാറാക്കിയിട്ടുള്ളതിൽ തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ ഈ പ്രോജക്ടിന്റെ ഭാഗമായുള്ള സർവെയും വസ്തുതാ വിശകലനവും ഉറപ്പുവരുത്തലും അഞ്ച് കോർപ്പറേഷനുകളും പൂർത്തീകരിച്ച് കെ.എസ്.യു.ഡി.പി.യ്ക്ക് കൈമാറേണ്ടതുണ്ട്. ഈ പ്രക്രിയ പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ